ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 269-ാം ദിവസം

കൃഷ്ണ കൃഷ്ണ മഹായോഗിൻ വിശ്വാത്മൻ വിശ്വഭാവന
പ്രപന്നാം പാഹി ഗോവിന്ദ ശിശുഭിശ്ചാവസീദതീം (10-49-11)
നാന്യത്തവ പദാം ഭോജാത് പശ്യാമി ശരണം നൃണാം
ബിഭ്യതാം മൃത്യു സംസാരാദീശ്വരസ്യാപവർഗ്ഗികാത് (10-49-12)
നമ: കൃഷ്ണായ ശുദ്ധായ ബ്രഹ്മണേ പരമാത്മനേ
യോഗേശ്വരായ യോഗായ ത്വാമഹം ശരണം ഗതാ (10-49-13)
ഏക: പ്രസൂയതേ ജന്തുരേക ഏവ പ്രലീയതേ
ഏകോ$f$നുഭുംക്തേ സുകൃതമേക ഏവ ച ദുഷ്കൃതം (10-49-21)

*ശുകമുനി തുടർന്നു:*
അക്രൂരൻ ഹസ്തിനപുരത്തിലേയ്ക്കു പോയി. അവിടെ അദ്ദേഹം വൃദ്ധനായ ധൃതരാഷ്ട്രരെ കണ്ടു. അദ്ദേഹത്തിൻെറ പുത്രൻമാരെയും മന്ത്രിമാരെയും ഭീഷ്മപിതാമഹനെയും അദ്ദേഹം സന്ദർശിച്ചു. അവരെല്ലാം അക്രൂരനുമായി ആശംസകൾ കൈമാറി. പാണ്ഡുപുത്രൻമാർക്ക് പക്ഷപാതപരമായാണ് വൃദ്ധരാജാവിൽ നിന്നുള്ള പെരുമാറ്റമെന്ന് കുന്തിയും വിദുരനും അക്രൂരനോട് പറഞ്ഞു. രാജാവ് തൻെറ ദുഷ്ടപുത്രൻമാരോടുള്ള മമത കൊണ്ട് പാണ്ഡുപുത്രൻമാരോട് അനീതി കാണിക്കുന്നുവെന്ന് അക്രൂരൻ മനസ്സിലാക്കി. കണ്ണീരോടെ കുന്തി അക്രൂരനോട് പറഞ്ഞു. 'മഥുരയിലുള്ള എൻെറ ബന്ധുജനങ്ങൾക്ക് എന്നെ ഓർമ്മ യുണ്ടോ എന്തോ? എൻെറ ദിവ്യനായ മരുമകൻ കൃഷ്ണൻ എന്തു പറയുന്നു? അവന് ഞങ്ങളെപ്പറ്റി - അവൻെറ സ്വന്തം ആൾക്കാരെപ്പറ്റി - ഒരു ചിന്തയെങ്കിലുമുണ്ടോ? ഞങ്ങൾ സ്വന്തം ഭർത്തൃസഹോദരനിൽ നിന്നും അദ്ദേഹത്തിൻെറ പുത്രൻമാരിൽ നിന്നും അനുഭവിക്കുന്ന അനീതി അവനറിയുന്നുണ്ടോ? അവൻ വന്ന് ഞങ്ങൾക്ക് ശാന്തിയേകി ഈ ദുരിതത്തിൽ നിന്ന് ഞങ്ങളെ കരകയറ്റുമോ?' കൃഷ്ണനെപ്പറ്റിയോർത്ത് കുന്തീദേവി ഇങ്ങിനെ ഉറക്കെ പ്രാർത്ഥിക്കാൻ തുടങ്ങി. 'കൃഷ്ണ കൃഷ്ണാ മഹായോഗിൻ, വിശ്വാത്മൻ, വിശ്വഭാവന, അവിടുത്തെ പാദത്തിൽ അഭയം തേടിയിരിക്കുന്ന ദു:ഖിതരായ എന്നെയും കുട്ടികളെയും സംരക്ഷിച്ചാലും. അവിടുത്തെ അഭയമല്ലാതെ മറ്റൊന്നും പരമുക്തിപ്രദമായിട്ട് ഞാൻ കാണുന്നില്ല. അവിടുത്തേയ്ക്കു നമസ്ക്കാരം.' അക്രൂരൻ കുന്തിയെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. അവളുടെ പുത്രൻമാർ ദേവൻമാരിൽ നിന്നുണ്ടായവരായതു കൊണ്ട് അവരുടെ സംരക്ഷ ഉറപ്പാണെന്ന് അക്രൂരൻ ഓർമ്മിപ്പിച്ചു. മഥുരയ്ക്കു മടങ്ങും മുൻപ് അക്രൂരൻ ധൃതരാഷ്ട്രരെ സമീപിച്ച് ഇങ്ങിനെ ഉപദേശിച്ചു. 'അവിടുന്നിപ്പോൾ സിംഹാസനത്തിലിരിക്കുന്നത് അനുജനായ പാണ്ഡു കാലം പൂകിയതു കൊണ്ടാണല്ലോ. ഇത് അവിടേയ്ക്ക് വലിയൊരുത്തരവാദിത്വം നൽകുന്നു. അങ്ങ് സ്വപുത്രൻമാരോടും പാണ്ഡുപുത്രൻ മാരോടും പക്ഷപാതം കാണിക്കാതെയിരുന്നാൽ മാത്രമേ അവിടുത്തെ ജോലി ഐശ്വര്യപൂർണ്ണമായി നിർവ്വഹിക്കാൻ സാധിക്കുകയുള്ളു. എന്തൊക്കെയായാലും മറ്റുള്ളവരുമായി നമുക്കുള്ള ബന്ധുത്വം എന്നേയ്ക്കുമുള്ളതല്ല തന്നെ. നാം അവരോടൊപ്പം എന്നെന്നേയ്ക്കും ജീവിക്കാൻ പോകുന്നില്ല. ഒരുവൻ ഏ കനായി ജനിക്കുന്നു. ഏകനായി മരിക്കുന്നു. അയാൾ സ്വകർമ്മങ്ങളുടെ സൽഫലം ആസ്വദിക്കുകയും ദുഷ്ക്കർമ്മഫലം അനുഭവിക്കുകയും ചെയ്യുന്നു. ഇതും തനിച്ചു തന്നെ. അതുകൊണ്ട് മറ്റുള്ളവരെ കുറ്റം പറയുന്നതിൽ കാര്യമില്ല. ധാർമ്മീകമായും അധാർമ്മീകമായും നാം സംഭരിച്ചു വയ്ക്കുന്നതൊന്നും നമുക്ക് അവസാനം കൂടെ കൊണ്ടു പോകാനും സാധിക്കയില്ല. പാപമോ പുണ്യമോ മാത്രമേ അവൻെറ കൂടെ പോകുന്നുള്ളൂ. ഇഹലോകം വെറുമൊരു നീണ്ട സ്വപ്നമാണെന്ന് മനസ്സിലാക്കുക. സ്വന്തം ബന്ധുജനങ്ങളോട് അമിതമായ മമതാമോഹം കൊണ്ട് മറ്റുള്ളവരോട് അനീതി കാണിക്കാനിടവരരുത്.

അക്രൂരൻെറ ജ്ഞാനോപദേശത്തെ ആദരിച്ചുവെങ്കിലും തൻെറ നിസ്സഹായാവസ്ഥ ധൃതരാഷ്ട്രർ അറിയിച്ചു. സ്വപുത്രൻമാരുടെ ദുഷ്ടത മനസ്സിലാക്കിയിട്ടു പോലും അവരുമായുള്ള മമതാമോഹത്തിൽനിന്ന് വിട്ടു നിൽക്കാൻ അദ്ദേഹത്തിനായില്ല.. യാദവകുലത്തിൽ അവതരിച്ചിട്ടുള്ള ആ മഹാപ്രഭുവിൻെറ ഇച്ഛയെ തടുക്കാനാർക്കു കഴിയും? ഭൂമിയുടെ ഭാരം കുറയ്ക്കാനായാണല്ലോ അദ്ദേഹത്തിൻെറ ജനനം. ദുർഗ്രാഹ്യമാണ് അവിടുത്തെ ലീലകൾ. ആ ഭഗവാനെ ഞാൻ നമസ്ക്കരിക്കുന്നു.

അക്രൂരൻ മഥുരക്ക് മടങ്ങി കൃഷ്ണനോടും ബലരാമനോടും എല്ലാ കാര്യങ്ങളും പറഞ്ഞു.